(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും താഴെപ്പറയും പ്രകാരം തുക അനുവദിച്ച് നൽകി.

ക്രമ നമ്പർ	ജില്ലയുടെ പേര്	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)
1.	തിരുവനന്തപുരം	75.00
2.	കൊല്ലം	75.00
3.	ആലപ്പുഴ	75.00
4.	പത്തനംതിട്ട	75.00
5.	ഇടുക്കി	25.00
6.	കോട്ടയം	75.00
7.	എറണാകുളം	25.00
8.	പാലക്കാട്	25.00
9.	തൃശൂർ	25.00
10.	മലപ്പുറം	25.00
11.	കോഴിക്കോട്	25.00
12.	വയനാട്	25.00
13.	കണ്ണൂർ	25.00
14.	കാസർഗോഡ്	25.00

(സി) റവന്യൂ വകുപ്പ് പ്രത്യേക പദ്ധതിക്കൊന്നും തന്നെ രൂപം നൽകിയിട്ടില്ല. എന്നാൽ ജലസേചന വകുപ്പ് തടയണകൾ നിർമ്മിച്ചും, നദികളുടെയും തോടുകളുടെയും കരയിടിച്ചിൽ തടയുന്നതിലേയ്ക്കായി സംരക്ഷണഭിത്തികൾ കെട്ടിയും വെള്ളപ്പൊക്കക്കെടുതികൾ കുറയ്ക്കുവാൻ ശ്രമിക്കുന്നുണ്ട്.

30 (*150) ഇൻഫർമേഷൻ നെറ്റ് വർക്ക് ഫോർ ലോക്കൽ ബോഡീസ്

ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ് എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ എന്തെല്ലാമാണുൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദു കുട്ടി) :

(എ) "കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ് " എന്ന പ്രോജക്റ്റിന് രൂപം നൽകിയിട്ടുണ്ട്.

(ബി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ നിർവഹണ കാര്യങ്ങൾ മോണിട്ടുചെയ്യുകയെന്നതാണ് പ്രോജക്റ്റിന്റെ ലക്ഷ്യം. ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും രണ്ടു ജീവനക്കാർക്ക് വീതം തുടക്കത്തിൽ കംപ്യൂട്ടർ ഉപയോഗിക്കുന്നതിന് പരിശീലനം നൽകുക, ആസൂത്രണ നിർവഹണ വിവരണങ്ങൾ കംപ്യൂട്ടറിൽ രേഖപ്പെടുത്തുക, എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും സംസ്ഥാന സർക്കാരുമായി ബന്ധിപ്പിക്കുക, ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുക എന്നിവയാണ് പ്രോജക്ടിന്റെ പ്രധാന ലക്ഷ്യങ്ങൾ.

(സി) ഉണ്ട്. 1998-99 വർഷത്തേയ്ക്ക് 10 കോടി രൂപ ലഭിച്ചിരുന്നു. 1999-2000 വർഷത്തേയ്ക്ക് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (503) വ്യവസായ വികസനത്തിന് വിവര സാങ്കേതിക വിദ്യയ്ക്കുള്ള പ്രാധാന്യം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ :
ശ്രീ. എം. ദാസൻ :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി വിവര സാങ്കേതിക വിദ്യയ്ക്ക് അനുകൂലമായ സാഹചര്യമുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) വിവര സാങ്കേതികവിദ്യയിൽ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത വ്യവസായ യൂണിറ്റുകൾ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിനായി എന്തു തുക മുതൽമുടക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ഇ) ടെക്നോപാർക്കിൽ ആരംഭിക്കുന്ന വിവര സാങ്കേതിക വ്യവസായ യൂണിറ്റിലെ തൊഴിൽസാദ്ധ്യത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുടക്കത്തിൽ എത്രപേർക്ക് തൊഴിൽ ലഭിക്കുമെന്ന് പറയാമോ;

(എഫ്) വിവരസാങ്കേതിക വ്യവസായ യൂണിറ്റിന്റെ പ്രവർത്തനത്തിനായി വിദേശ കമ്പനികളുടെ സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം വിദേശരാജ്യങ്ങളുടേയും കമ്പനികളുടേയും സഹായമാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly